**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പേര് ഉൾപ്പെടുത്തിയ പട്ടിക പ്രസിദ്ധീകരിക്കുന്നത് ഏതെങ്കിലും സാഹചര്യത്തിൽ നിർത്തിവെച്ചിരുന്നോയെന്ന് വിശദമാക്കുമോ; | (എ) | 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മുമ്പ് മരണപ്പെട്ടവരുടെ സ്വകാര്യത മുൻനിർത്തി പേരു വിവരം ഒഴിച്ച് ജില്ല, വയസ്സ്, പ്രായം, മരണപ്പെട്ട ദിവസം എന്നിവ മാത്രമാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരുന്നത്. |
| (ബി) | പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മുമ്പ് മരണപ്പെട്ടവരുടെ സ്വകാര്യത മുൻനിർത്തി പേരു വിവരം ഒഴിച്ച് ജില്ല, വയസ്സ്, പ്രായം, മരണപ്പെട്ട ദിവസം എന്നിവ മാത്രമാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരുന്നത്. |
| (സി) | മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ധാരാളം പേർക്ക് കൊവിഡ് മരണങ്ങളുടെ ഭാഗമായി കിട്ടേണ്ട നഷ്ടപരിഹാരം നഷ്ടപ്പെടുന്നതിനു കാരണമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മരണപ്പെട്ടവരുടെ പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. 2021 ജൂൺ 15 വരെ കോവിഡ് മരണം സ്ഥിരീകരിച്ചവരുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ലഭ്യമാണ്. അതിനു ശേഷമുള്ളവരുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ ഉണ്ട്. |
| (ഡി) | കോവിഡ് മരണങ്ങളുടെ കാര്യത്തിൽ കൃത്യമായ കണക്ക് ഏതെങ്കിലും സർക്കാർ ഏജൻസിയുടെ കൈവശമുണ്ടോ; കൃത്യമായ കണക്ക് ഇനി എപ്രകാരം കണ്ടെത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കോവിഡ് മൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ-16 മുതൽ ആരോഗ്യവകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനു മുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ